**സുഹറയുടെ നിയമന അംഗീകാരം**

**66 (3813)** ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ മുട്ടിൽ ഡബ്ളിയു എം. ഒ. അന്ധ-ബധിര സ്കൂളിലെ ക്രാഫ്റ്റ് അദ്ധ്യാപിക സുഹറ നിയമന അംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

സർക്കാർ ഉത്തരവ് (കൈ) നമ്പർ.338/05/പൊ.വി.വ തീയതി 27-8-2005 പ്രകാരമാണ് വയനാട് മുട്ടിൽ അന്ധവിദ്യാലയത്തിന് എയ്ഡഡ് പദവി അനുവദിച്ചത്. അതിൻപ്രകാരം ഒരു സ്പെഷ്യൽ ടീച്ചറുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി തസ്തികയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും മാത്രമേ അദ്ധ്യാപകനെ നിയമിക്കാവൂ എന്ന് ടി ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതിനാൽ ഈ തസ്തികയിൽ ക്രാഫ്റ്റ് അദ്ധ്യാപിക യായി നേരിട്ട് നിയമിക്കപ്പെട്ട ശ്രീമതി സുഹറയുടെ നിയമനം അംഗീകരിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനുള്ള നടപടികൾ**

**67 (3815)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് എന്നാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളേജിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏതൊക്കെ ബ്രാഞ്ചുകൾ ഉണ്ട് എന്നും, പുതുതായി ഏതെങ്കിലും ബ്രാഞ്ച് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിൽ വിവിധ കോഴ്സുകളിലായി എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും, എത്ര അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നും വ്യക്തമാക്കുമോ ;

(ഡി) കോളേജ് ഗവേണിംഗ് ബോഡി അവസാനമായി യോഗം ചേർന്നത് എന്നാണെന്നും, നിലവിൽ അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് 1993-ൽ നിലവിൽ വന്നു.

(ബി) പ്രസ്തുത കോളേജിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, സിവിൽ എന്നീ ബ്രാഞ്ചുകൾ ഉണ്ട്. ഈ വർഷം പുതിയ കോഴ്സുകൾ ഒന്നും ആരംഭിച്ചിട്ടില്ല.

(സി) ടി കോളേജിൽ വിവിധ ബ്രാഞ്ചുകളിലായി 1553 കുട്ടികൾ പഠിക്കുന്നുണ്ട്. 77 അദ്ധ്യാപകരും 57 അനദ്ധ്യാപകരും ഇവിടെ ജോലി ചെയ്യുന്നു.

(ഡി) കോളേജിന് മാത്രമായി ഒരു ഗവേണിംഗ് ബോഡി ഇല്ല. എൽ.ബി.എസ്. സെന്ററിനും കോളേജുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കുമായി ഒരു ഗവേണിംഗ് ബോഡി നിലവിലുണ്ട്. ടി ഗവേണിംഗ് ബോഡി അവസാനമായി ചേർന്നത് 29-12-2004-ൽ ആണ് ഗവേണിംഗ് ബോഡിയിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു പദ്ധതി ഒരു മാസത്തിനകം തയ്യാറാക്കുന്നതിന് എൽ.ബി.എസ്. ഡയറക്ടറെ ചുമതലപ്പെടുത്തുകയും സിവിൽ എഞ്ചിനീയറിംഗ് ബ്ലോക്കിന് ഒരു നിലകൂടി പണിയുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കാസർഗോഡ് താലൂക്കിലെ എൽ.ബി.എസ്. സെന്റർ**

**68 (3816)** ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്ക് ഓഫീസ് കോമ്പൗണ്ടിലെ എൽ.ബി.എസ്. സെന്റർ എന്നാണ് നിലവിൽ വന്നത് എന്നും പ്രസ്തുത സെന്ററിൽ എത്ര ജീവനക്കാരുണ്ടെന്നും പ്രതിവർഷം എത്ര വിദ്യാർത്ഥികൾക്ക് ഇവിടെ പരിശീലനം നൽകുന്നുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത എൽ.ബി.എസ്. സെന്റർ കൂടുതൽ സൗകര്യപ്രദമായതും തൊട്ടടുത്ത് ഒഴിഞ്ഞ് കിടക്കുന്നതുമായ എ.ഇ.ഒ. ഓഫീസ് കെട്ടിടത്തിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ബി.എസ്-ന്റെ കാസർഗോഡ് ഉപകേന്ദ്രം 1992 ലാണ് നിലവിൽ വന്നത്. ടി സെന്ററിൽ നിലവിൽ 3 ജീവനക്കാർ കരാർ അടിസ്ഥാനത്തിലും ഒരു ജീവനക്കാരൻ ഗസ്റ്റായും ജോലി നോക്കിവരുന്നു. പ്രതിവർഷം ശരാശരി 94 വിദ്യാർത്ഥികൾക്ക് ഇവിടെ പരിശീലനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.